പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 597

29.06.2015 - ൽ മറുപടിക്ക്.

## വ്യവസായ ശാലകളുടെ സമീപത്തുള്ളവരുടെ സുരക്ഷ

ചോദ്യം

ശ്രീ. കെ.എൻ.എ. ഖാദർ

മറുപടി

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ മന്ത്രി)

(എ) അപകട സാദ്ധ്യതയുള്ള വ്യവസായ ശാലകളുടെ സമീപത്തെ സ്കൂൾ കുട്ടികളുടെയും പൊതുജനങ്ങളുടെയും സുരക്ഷയ്ക്കായി എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. ;

(എ) : വ്യവസായ ശാലകൾ മൂലമുള്ള മലിനീകരണം നിയന്ത്രിക്കാനുള്ള നടപടികൾ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും സ്വീകരിച്ചു വരുന്നു. വ്യവസായ ശാലകൾ സ്ഥാപിക്കുന്നതിനുമുമ്പായി മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും സ്ഥാപനാനുമതി കരസ്ഥമാക്കേണ്ടതും പ്രവർത്തിപ്പിക്കുന്നതിന് മുമ്പായി പ്രവർത്തനാനുമതി കരസ്ഥമാക്കേണ്ടതുമാണ്. വ്യവസായശാലകൾക്കുള്ള സ്ഥാപനാനുമതി പരിഗണിക്കുന്ന വേളയിൽ, സ്ഥാപനങ്ങൾ അടുത്ത വീടുകളിൽനിന്നും, അടുത്ത വിദ്യഭ്യാസ സ്ഥാപനങ്ങൾ / കോടതി / പൊതു കാര്യാലയം / ആശുപത്രി / ആരാധനാലയം / കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയവയിൽ നിന്നും പാലിക്കേണ്ട കുറഞ്ഞ ദൂരപരിധി നിഷ്കർഷിക്കുന്നതിനോടൊപ്പം ജലം, വായു മലിനീകരണം നിയന്ത്രിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നിഷ്കർഷിക്കുന്നു. ഡി&ഒ ലൈസൻസ് നൽകുന്ന സമയത്ത് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആവശ്യമായ പരിശോധന നടത്തുന്നു. പരാതി ലഭിക്കുന്ന മുറയ്ക്ക്

വ്യവസായ വകുപ്പ് പ്രശ്ന പരിഹാരത്തിനായി ഇടപെടുകയും ചെയ്യുന്നു.

(ബി) ഇത്തരക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിന് പ്രത്യേക പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് വ്യവസായ വകുപ്പ് മുൻകൈ എടുക്കാറുണ്ടോ ;

(ബി) : പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹായത്തോടെ സന്നദ്ധ സംഘടനകൾ പരിശോധനാ ക്യാമ്പുകളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കാറുണ്ട്.

(സി) വ്യവസായ മാലിന്യങ്ങൾ മൂലം രോഗികളാകുന്നവരെ സഹായിക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇത്തരം രോഗികളെ സഹായിക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുമോ ?

(സി) : വ്യവസായ മാലിന്യങ്ങൾ മൂലം രോഗികളാകുന്നവരെ സഹായിക്കുന്നതിനായി പ്രത്യേകം പദ്ധതികൾ കമ്പനികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.